പതിന്നാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 2480 — 08/05/2017 ൽ മറുപടിയ്ക്ക്

# റീ-സർവ്വെ കഴിഞ്ഞ വില്ലേജുകളിലെ റിക്കാർഡുകളിൽ മാറ്റം വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൽദോ എബ്രഹാം | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റീസർവ്വെ കഴിഞ്ഞ വില്ലേജുകളിൽ, റിക്കാർഡുകളിൽ മാറ്റം വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ ; | (എ) റീസർവ്വെ കഴിഞ്ഞ വില്ലേജുകളിൽ, ഭൂമി സംബന്ധമായ പരാതികളും അപേക്ഷകളും ബന്ധപ്പെട്ട താലൂക്കിലെ അഡീഷണൽ തഹസീൽദാർക്കാണ് നൽകേണ്ടത്. സർവ്വേ സംബന്ധമായ പരാതികൾ അഡീഷണൽ തഹസീൽദാർ (എൽ.ആർ) തന്റെ അധീനതയിലുള്ള സർവ്വെയർമാരെ ഏൽപ്പിക്കുകയും ഫീൽഡ് പരിശോധന നടത്തി, അളവ് സംബന്ധിച്ച റിക്കാർഡുകൾ തയ്യാറാക്കി റിപ്പോർട്ട് സഹിതം നൽകുമ്പോൾ ആയതിലെ അവകാശ സംബന്ധിയായ കാര്യങ്ങളിൽ തഹസീൽദാർ (എൽ.ആർ) തീരുമാനമെടുക്കുകയും, സർവ്വേ പ്ലാൻ സംബന്ധിച്ച അംഗീകാരത്തിനായി ജില്ലാ സർവ്വേ സൂപ്രണ്ടിന് അയയ്ക്കുകയും സൂപ്രണ്ട് അംഗീകരിച്ച ശേഷം തഹസീൽദാർ (എൽ.ആർ) നൽകുന്ന നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ വില്ലേജ് റിക്കാർഡുകളിൽ ആവശ്യമായ മാറ്റം വരുത്തുകയും ചെയ്തു വരുന്നു. |
| (ബി) പ്രസ്തുത നടപടിക്രമങ്ങൾ അംഗീകരിക്കുന്നതിനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കാമോ; | (ബി) പ്രസ്തുത നടപടിക്രമങ്ങൾ അംഗീകരിക്കുന്നതിനുള്ള അധികാരം 31.05.2010 ലെ ജി.ഒ (എംഎസ്) 200/10/റവ നമ്പർ ഉത്തരവ് പ്രകാരം തഹസീൽദാർ (എൽ.ആർ) ൽ നിക്ഷിപ്തമാണ്. |
| (സി) റീസർവ്വേ അദാലത്ത് വഴി വരുത്തിയ മാറ്റങ്ങളിലെ അപാകത പരിഹരിക്കുന്നതിനുള്ള നടപടിക്രമങ്ങളും ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരാണെന്നും വ്യക്തമാക്കാമോ? | (സി) 31/05/2010 ന് മുമ്പുള്ള അദാലത്ത് തീരുമാനങ്ങൾ സർവ്വെ വകുപ്പിലാണ് പുന പരിശോധന നടത്തിയിരുന്നത്. സ.ഉ(കൈ) 118/2017/റവ തീയതി 17.04.2017 നമ്പർ ഉത്തരവു പ്രകാരം അദാലത്ത് തീരുമാനങ്ങൾ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കി ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവ് |

പ്രകാരം അദാലത്ത ഫയലുകളിലെ അപാകത സംബന്ധിച്ച പരാതികൾ പരിഹരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്

സെക്ഷൻ ഓഫീസർ